# തന്ത്രി മുറിഞ്ഞ വീണ

സുദർശനകുമാർ വടശേരിക്കര

മാനസച്ചുമരിലുണ്ടവ്യക്ത വർണ്ണങ്ങളിൽ
സ്വപ്നത്തിലെന്ന പോലെ ദിവ്യവീണതൻ ചിത്രം
പണ്ടെങ്ങോ നഷ്ടപ്പെട്ട ദൈവദത്തമാം വീണ
ഇന്നതെൻ ചിത്തത്തിലൊരവ്യക്തചിത്രം മാത്രം!

കേട്ടുഞാനറിഞ്ഞതതാണിത്രയും, മോഷടാക്കളാൽ
കട്ടുപോയതാണത്രേ; മാണിക്യമണിവീണ
തന്ത്രിയിൽ തൊട്ടാൽ സർഗ്ഗസംഗീതം പൊഴിയ്ക്കുന്ന
കച്ഛപിയത്രേ മമ സ്വപനമാം മണിവീണ.

വിണയെപ്പറ്റിക്കേട്ട കാര്യങ്ങളെൻ ചിത്തത്തിൽ
സപ്തവർണ്ണങ്ങൾ ചേർത്തു വീണയ്ക്കു മിഴിവേകി
വർണ്ണസ്വപ്നങ്ങൾ കോർത്ത മന്ദാരമണിമാല്യം
വീണയിലർപ്പിക്കുവാൻ വെമ്പിഞാൻ കുതിക്കവേ

ആയിരമാളുണ്ടെന്റെ പിന്നാലെ ഇതേപടി
മാല്യമർപ്പിക്കാൻ ചിത്തമാശയാൽ തുടുക്കുന്നോർ
അണിയിട്ടെത്തുന്നേരം മണ്ടിനാർ ചോരന്മാരും
അന്നു സ്വന്തമായി പോൽ മാണിക്യമണിവീണ.

കാളമേഘത്തെക്കണ്ട മാമയിലായി മനം
ആനന്ദലഹരിയിൽ പീലികൾവിരിച്ചാടി
അന്നുഞാൻ നിനച്ചീല അവിവേകത്താൽ;
യോഗ്യ വൈണികൻ വേണം, രാഗരസങ്ങളുളവാക്കാൻ!

വീണമീട്ടുവാനെത്തീ ഗായകമ്മന്യന്മാരും
മീട്ടിയോരപശ്രുതി ശ്രുതിയായ് തോന്നിപ്പോയി
ആയിരം സംവത്സരം കേൾക്കാത്ത മണിസ്വനം
ആർത്തന്മാർ കേൾക്കുന്നേരം രാഗമാർ ശ്രദ്ധിക്കുന്നു?

കഷ്ടമീ അപശ്രുതി കേട്ടുകേട്ടൊടുവിൽ ഞാൻ
വീണതൻ ശ്രുതിയിതെന്നോർത്തുപോയ്, മഹാമൂഢൻ!
ക്രമമല്ലാതെ കരം പരിലാളിയ്ക്കെക്കമ്പി പൊട്ടിപ്പോയ്
വീണയ്ക്കൊറ്റത്തന്ത്രി മാത്രമായ് ബാക്കി

ആ തന്ത്രിമേലും മൂഢമംഗുലി പായുന്നേരം
പൊട്ടുവാൻ തുടങ്ങുന്നതിന്നു ഞാൻ കാണുന്നല്ലോ
പൊട്ടിയവീണക്കമ്പി കെട്ടുവാൻ മുതിരാതെ
പൊട്ടാത്ത തന്ത്രി കൂടി പൊട്ടിയ്ക്കാൻ തുനിയുന്നു.

ഒരുനാൾ ലോകത്താകെ സംഗീതം വിളമ്പിയ
തന്ത്രികയ്ക്കിന്നീഗതി വന്നതെന്തൊരു വിധി?
എങ്കിലുമകക്കാമ്പിൽ സ്പന്ദിച്ചു നിൽക്കുന്നിതാ
സുന്ദരമാശാമലർക്കൂമ്പുകൾ വിരിയുവാൻ!

ഇനിയും കെടാത്തൊരാക്കൈത്തിരിനാളം നീട്ടി
ഇനിയ സങ്കൽപ്പങ്ങൾ കാത്തുകാത്തിരിയ്ക്കുന്നൂ
എന്നൊരു വിദഗ്ദ്ധനാം വൈണികനെത്തും?
സുര സംഗീത സുധാരസം എന്നിനി നുകർന്നീടും?